STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.480/PR/SPMC/PHQ/2026 Date:12.10.2026

## പത്രക്കുറിപ്പ്

# കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ 34 കിലോ കഞ്ചാവ് പിടികൂടിയ കേസ്: മുഖ്യസൂത്രധാരൻ പശ്ചിമ ബംഗാളിൽ പിടിയിൽ

ഓപ്പറേഷൻ തൂഫാൻ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് റെയിൽവേ സ്റ്റേഷൻ കേന്ദ്രീകരിച്ച് ട്രെയിൻ മാർഗ്ഗം 34 കിലോ കഞ്ചാവ് കടത്തിയ കേസിലെ മുഖ്യസൂത്രധാരനെ റെയിൽവേ പൊലീസ് പിടികൂടി. പശ്ചിമ ബംഗാൾ സ്വദേശിയാണ് ബംഗാളിൽ വെച്ച് റെയിൽവേ പൊലീസിന്റെ പ്രത്യേക അന്വേഷണ സംഘത്തിന്റെ പിടിയിലായത്. കേരള റെയിൽവേ പൊലീസ് സൂപ്രണ്ട് ബി. കൃഷ്ണകുമാർന്റെ മേൽനോട്ടത്തിലുള്ള പ്രത്യേക സംഘം ദിവസങ്ങളോളം പശ്ചിമ ബംഗാളിൽ ക്യാമ്പ് ചെയ്ത് അതീവ രഹസ്യമായാണ് പ്രതിയെ വലയിലാക്കിയത്.

കഴിഞ്ഞ ഓഗസ്റ്റ് 23ന് ചെന്നൈയിൽ നിന്നും മംഗളൂരുവിലേക്ക് പോവുകയായിരുന്ന മംഗളൂരു മെയിലിൽ നിന്ന് 18 കിലോഗ്രാം കഞ്ചാവുമായി രണ്ട് പേരെ റെയിൽവേ പൊലീസ് പിടികൂടിയിരുന്നു.

ഇതിന് പിന്നാലെ ഒരാഴ്ചയ്ക്ക് ശേഷം ഇതേ ട്രെയിനിന്റെ ജനറൽ കോച്ചിൽ നടത്തിയ പരിശോധനയിൽ 16 കിലോഗ്രാം കഞ്ചാവുമായി ഒരു യുവതിയും അറസ്റ്റിലായി. തുടർച്ചയായി ഉണ്ടായ ഈ രണ്ട് സംഭവങ്ങളിലുമായി പിടിച്ചെടുത്ത 34 കിലോ കഞ്ചാവിന്റെ ഉറവിടത്തെക്കുറിച്ച് റെയിൽവേ പൊലീസ് നടത്തിയ വിശദമായ ചോദ്യം ചെയ്യലിലാണ്, ഇരുസംഭവങ്ങൾക്കും പിന്നിൽ പ്രവർത്തിച്ചത് ഒരേ ലഹരി മാഫിയാ സംഘമാണെന്നും ഇതിന്റെ പ്രധാന ആസൂത്രകൻ ഇയാളാണെന്നു വ്യക്തമായത്.

കഴിഞ്ഞ 12 വർഷത്തോളമായി കേരളത്തിൽ നിർമ്മാണ തൊഴിലാളിയായി ജോലി ചെയ്തു വരികയായിരുന്ന ഇയാൾ, മലപ്പുറം ജില്ലയിലെ എടപ്പാൾ കേന്ദ്രീകരിച്ചാണ് വൻതോതിലുള്ള ലഹരി വിൽപ്പനയും വിതരണവും ഏകോപിപ്പിച്ചിരുന്നത്. ഒഡീഷയിൽ നിന്ന് നേരിട്ട് കഞ്ചാവ് ശേഖരിച്ച് എടപ്പാൾ, തിരൂർ, കോഴിക്കോട് മേഖലകളിലേക്ക് എത്തിച്ചിരുന്ന ഇയാൾ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തൊഴിലിനായി കേരളത്തിലെത്തുന്നവരെ ഇടനിലക്കാരായി ഉപയോഗിച്ചാണ് ട്രെയിനുകൾ വഴി ലഹരിക്കടത്ത് നടത്തിയിരുന്നത്. തിരൂർ, മഞ്ചേരി, പരപ്പനങ്ങാടി തുടങ്ങിയ പൊലീസ് സ്റ്റേഷനുകളിലും മുൻപ് ഇയാൾക്കെതിരെ ലഹരിക്കടത്ത് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജാമ്യത്തിലിറങ്ങിയ ശേഷം പൊലീസ് നിരീക്ഷണത്തിൽപ്പെടാതിരിക്കാൻ അതീവ ജാഗ്രതയോടെ നീങ്ങിയിരുന്ന പ്രതിയെയാണ് ശാസ്ത്രീയ അന്വേഷണത്തിലൂടെ പിടികൂടിയത്.

ലഹരിവസ്തു കടത്തിലും വിതരണത്തിലും ഏർപ്പെടുന്നവരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിനായി കൂടുതൽ വ്യാപകമായ പരിശോധനകളും റെയ്ഡുകളും വരും ദിവസങ്ങളിൽ നടത്തുന്നതാണെന്ന് പൊലീസ് അറിയിച്ചു.

ലഹരി പദാർത്ഥവുമായി ബന്ധപ്പെട്ട് എന്തെങ്കിലും വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ എസ്.ആർ.പി 9497996926, ഡി.എസ്.ആർ.പി എറണാകുളം 9497990225, ഡി.വൈ.എസ്.പി ആർ.സി.ആർ.ബി 9497990224, ഡി.എസ്.ആർ.പി പാലക്കാട് 9497990227 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*******************************************